ദൂരെ ഒരു നഗരത്തിൽ

ഇ. ഹരികുമാർ



ദൂരെ ഒരു നഗരത്തിൽ

ഇ. ഹരികുമാർ
(മലയാളം: ചെറുകഥ)

© 2026, E. Harikumar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

A City of Fantasy, a painting by American. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ദൂരെ ഒരു നഗരത്തിൽ

വളരെമുമ്പ്, ദൂരെ ഒരു നഗരത്തിൽ...

ആസ്പത്രിയിലെ പന്ത്രണ്ടാം നിലയിൽ ന്യൂറോളജി വാർഡിൽ എട്ടാം നമ്പർ മുറിയിൽ ചെറുപ്പക്കാരൻ ബോധമില്ലാതെ കിടക്കുകയാണ്. അയാളുടെ ജീവൻ നിലനിർത്തിയിരുന്നത് മൂക്കിലൂടെ കയറ്റിയിരിക്കുന്ന ഓക്സിജൻ കുഴലും, രക്തധമനിയിലേയ്ക്ക് മുകളിലെ കപ്പിയിൽനിന്ന് കുഴൽവഴി ഇറങ്ങിക്കൊണ്ടിരിക്കുന്ന മരുന്നുകലർന്ന സലൈനുമാണ്. ഒരു മാസംമുമ്പ് കുഴത്തിൽ താലികെട്ടി ജീവിതസഖിയാക്കിയ പെൺകുട്ടി ഒരു ദിവസം മുഴുവൻ മരണവുമായി മല്ലിട്ട് യാത്രപറയാതെ പോയത് അയാൾ അറിഞ്ഞിട്ടില്ല. ഒരുപക്ഷേ, ആ വിവരം അറിയാതെതന്നെ ചെറുപ്പക്കാരനും യാത്രയായേക്കും.

ചിരിച്ചതമാശപറഞ്ഞുകൊണ്ട് ബൈക്കിൽ നടത്തിയ അവസാനയാത്ര അയാൾക്ക് ഇനി ഓർമ്മിക്കേണ്ടി വരില്ല. അതിനുമുമ്പ്, പുറപ്പെടുന്ന സമയത്ത് അമ്മായിയമ്മയുടേയും കൊച്ചളിയന്റേയും കണ്ണുവെട്ടിച്ച് മുകളിലെ കിടപ്പുമുറിയിൽവച്ച് പകർന്നുകൊടുത്ത സ്നേഹത്തിന്റെ മാധുര്യവും ഇനി അയാൾക്ക് ഓർമ്മിക്കേണ്ടി വരില്ല. സ്ഥാൻ റിപ്പോർട്ട് വളരെ മോശമായിരുന്നു. തലച്ചോറിന്റെ മൂക്കാൽ ഭാഗവും കിനിഞ്ഞിറങ്ങിയ രക്തം കട്ടപിടിച്ച് കന്യൂട്ടറിന്റെ മോണിറ്ററിൽ വിചുത്രപങ്ങൾ സൃഷ്ടിച്ചു. ചെറുപ്പക്കാരന്റെ അച്ഛൻ കട്ടിലിന്റെ കാൽക്കൽ ഇട്ട കസേലയിൽ ശൂന്യമായ മുഖത്തോടെ, ഇരമ്പുന്ന മനസ്സോടെ ഇരുന്നു.

നഗരസഭയുടെ മീറ്റിങ് നടന്നുകൊണ്ടിരിക്കയാണ്. എമർജൻസി മീറ്റിങ്ങാണ്. റോഡിൽ അപകടമുണ്ടാക്കാൻ കാരണമായ കല്ല് എങ്ങിനെ അവിടെ വന്നു എന്നതാണ് വിഷയം. നഗരസഭ ചുമതലപ്പെടുത്തിയ അഞ്ചംഗക്കമ്മിറ്റി രാവിലെ അപകടസ്ഥലം പരിശോധിക്കുകയും അപകടകാരണം റോഡിന്റെ വശത്തായി, എന്നാൽ വാഹനങ്ങൾ പോകുന്ന വഴിയിൽത്തന്നെ ടാറിൽ ഉറച്ചുപോയ കരിങ്കല്ലാണെന്ന നിഗമനത്തിൽ എത്തുകയും ചെയ്തിരുന്നു. ഇനി തീർച്ചയാക്കേണ്ടത് കല്ലവിടെ വരാൻ ആരാണുത്തരവാദിയെന്ന മാത്രമാണ്. നഗരസഭയോ അതിന്റെ കീഴിലുള്ള വകുപ്പുകളോ അല്ലെന്ന നിഗമനത്തിൽ അവർ ആദ്യംതന്നെ എത്തിച്ചേർന്നു. ഇത്രയും നിരുത്തരവാദപരമായി നഗരസഭ പ്രവർത്തിക്കുകയില്ല. സ്വാഭാവികമായും സംശയത്തിന്റെ നിഴൽ വീണത് വൈദ്യുതിബോർഡിന്റേയും ടെലിഫോൺ വകുപ്പിന്റേയും മേലാണ്. നിഴൽ നല്കുന്നും കുറ്റപ്പിച്ച് ഒരു റിപ്പോർട്ടും തയ്യാറാക്കി അങ്ങംഗകമ്മിറ്റി അവരുടെ കർത്തവ്യം ഭംഗിയായി നിർവ്വഹിച്ചു. ഈ രണ്ടു സ്ഥാപനങ്ങളിൽ ഏതാണ് ശരിക്കും ഉത്തരവാദിയെന്ന കണ്ടുപിടിക്കാൻ വേറൊരു കമ്മീഷനെ നിയമിക്കണം. ആ ജോലി ഈ കമ്മിറ്റിയുടെ പരിധിയിൽപ്പെടുന്നതല്ല.

മാധ്യമങ്ങൾ വെറുതെയിരിക്കുകയായിരുന്നില്ല. അവർ അവരുടേതായ വഴിയിൽ അന്വേഷണങ്ങൾ തുടങ്ങിക്കഴിഞ്ഞിരുന്നു. റിപ്പോർട്ടർമാർ തൂണിസ ഞ്ചിയിൽ ടേപ്റെക്കോർഡർ ഒളിപ്പിച്ചുവച്ച സ്ഥലവാസികളുമായി ഉടിക്കാംഗ നടത്തി. ചാനൽ ടിവികൾ കാമറയും, നീണ്ടുവണ്ണമുള്ള മൈക്കുകളുമായി സ്ഥലത്തെത്തി. ടിവിസ്ക്രീനിൽ മുഖം കാണുമെന്ന കാരണംകൊണ്ട് അവർക്ക് ക്ഷീണമുണ്ടായില്ല. അവർക്ക് തങ്ങൾ ജോലിയെടുക്കുന്ന പത്രങ്ങളുടെ സർക്കുലേഷനും നോക്കണമല്ലൊ. രാത്രി. ടിവിയിൽ താനമാമുണ്ടായ ഇന്റർവ്യൂ കാണാൻ പേരക്കുട്ടികളുമായി കാത്തിരുന്ന മാസ്റ്റർക്ക് നിരാശനാകേണ്ടിവന്നു.

വൈദ്യുതി ബോർഡും ടെലഫോൺ ഡിപ്പാർട്ട്മെന്റും നഗരസഭയുടെ ആരോപണങ്ങളെ ശക്തമായി നിഷേധിച്ചു. ചാനൽ ടിവിക്കാരുടെ കാമറയ്ക്കും സ്പോട്ട്ലൈറ്റിനും മുമ്പിൽ എയർകണ്ടിഷൻ ചെയ്ത മുറിയിൽ തലവന്മാർ നഗരസഭക്കെതിരായി ആക്ഷേപങ്ങൾ തൊടുത്തുവിട്ടു. മെയറുടെ ഭാവന കാട്ടുകയറിയിരിക്കയാണെന്നും, ഇത്തിരി സംയമം നഗരസഭയും വൈദ്യുതി ബോർഡും തമ്മിലുള്ള ബന്ധങ്ങൾ മെച്ചമാക്കമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. നിരത്തിൽ കല്ലുകൾ സ്ഥാപിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട ജോലികൾ തങ്ങൾക്കു ചെയ്യാനുണ്ടെന്ന് ടെലിഫോൺ വകുപ്പം അഭിപ്രായപ്പെട്ടു.

ആസ്പത്രിയിൽ അനക്കമില്ലാതെ കിടക്കുന്ന മകന്റെ അടുത്തിരുന്നുകൊണ്ട് അച്ഛൻ, കല്ലഷമായ മനസ്സോടെ വാർത്തകൾ വായിച്ചു. വീട്ടിൽ ഭാര്യ അബോധാവസ്ഥയിൽ കഴിയുകയാണ്. മകന്റെ അപകടത്തെപ്പറ്റി കേട്ടപ്പോൾ വീണതാണവർ. ഭാഗ്യമുള്ള സ്ത്രീ.

തെളിവുകൾ നഗരസഭക്കെതിരായിരുന്നു. പ്രതിപക്ഷം അവരുടെ ശക്തി മുഴുവൻ സമ്പ്രയിച്ച് ആഞ്ഞടിച്ചു. ഭരണകക്ഷിക്ക് തോൽവി സമ്മതിച്ചുകൊടുക്കേണ്ടിവന്നു. എത്രയും വേഗം വാഹനയാത്രികർക്ക് അപകടരമായ ആ കല്ല് അവിടെനിന്ന് മാറ്റാമെന്ന് ഉറപ്പുകൊടുക്കേണ്ടതായും വന്നു.

റോഡിന്റെ നടുവിൽ ഉറച്ചുപോയ ഒരു കല്ല് അവിടെനിന്ന് എടുത്തു മാറ്റണം. അത്രമാത്രം. പക്ഷേ, ഒരു ജനാധിപത്യത്തിൽ അതിന് ചില സമ്പ്രദായങ്ങളൊക്കെയുണ്ട്. നിയമപ്രകാരമേ നടക്കാൻ പാടുള്ളൂ. ടെണ്ടർ പരസ്യം കൊടുക്കണം. ആറു സെന്റിമീറ്റർ ഇരട്ട കോളത്തിൽ പരസ്യം കൊടുക്കപ്പെട്ടു. പത്രങ്ങളിയത് അബ്ദ പത്രങ്ങളിലെങ്കിലും പരസ്യം കൊടുക്കണമെന്നാണ് നിയമം. പരസ്യക്കമ്പനിയുടെ ചാർജടക്കം പരസ്യച്ചിലവിന്റെ ബില്ല് 22,500 രൂപ എളളപ്പം പാസാക്കിക്കിട്ടി. പരസ്യക്കമ്പനി നഗരസഭയ്ക്കുവേണ്ടി സ്ഥിരം പരസ്യങ്ങൾ കൊടുക്കുന്നത് ഒരു കൗൺസിലറുടെ അളിയന്റെ സ്ഥാപനമാണ്. എങ്ങിനെ ഒരു ബില്ല് രാജ്യരാമാനം പാസാക്കിക്കിട്ടുമെന്നവർക്കറിയാം.

മകന്റെ കട്ടിലിന്റെ കാൽക്കലിരുന്നുകൊണ്ട് അച്ഛൻ പരസ്യങ്ങൾ വായിച്ചു. ദർലാസ് പരസ്യം എന്ന തലക്കെട്ടിന താഴെ ഇങ്ങിനെ എഴുതിയിരിക്കുന്നു.

മഹാത്മാഗാന്ധിറോഡിൽ പോസ്റ്റോഫിസിന മുമ്പിൽ അപകടകാരിയായി നിൽക്കുന്ന കരിങ്കല്ല് പുഴക്കിയെടുത്തു മാറ്റാനും, മാറ്റിയ സ്ഥലത്ത് നിരത്ത് റിപ്പയർ ചെയ്യാവാനമായി ടെണ്ടർ ക്ഷണിച്ചുകൊള്ളുന്നു. നിരതദ്രവ്യം 1500 രൂപ. ദർലാസ് ഫോറങ്ങൾ നഗരസഭയുടെ പർച്ചേസ് വകുപ്പിൽനിന്ന് 22/- രൂപയുടെ (20/- + 10% സെയർൽസ് ടാക്സ്) പോസ്റ്റൽ ഓർഡർ നൽകി വാങ്ങാവുന്നതാണ്.

ടെണ്ടർഫോറം വാങ്ങാൻ സാധാരണപോലെ തിരക്കുണ്ടായിരുന്നു. സൈക്ലോസ്റ്റൈലിൽ ചെയ്ത ആ ഫോറത്തിന് പന്ത്രണ്ടു പേജുണ്ട്. അതിൽ പതിനൊന്നര പേജും നഗരസഭയുടെ നിയമങ്ങളും ടെണ്ടറിൽ പങ്കെടുക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളും മറ്റ ഭീഷണികളുമാണ്. വില മാത്രമല്ല ചെത്തിൽ പ്രഖ്യാപിച്ചു. അതിനെതിരായി ഇടതുപക്ഷം മനഷ്യച്ചങ്ങല തീർത്തപ്പോൾ വലതുപക്ഷം കൂട്ടഓട്ടം നടത്തി. അതോടെ സ്ഥിതിഗതികൾ ഒരുവിധം ശാന്തമായി.

ആ കല്ല് നാലു വർഷം മുമ്പ് നിരത്ത് ടാറിടുന്ന സമയത്ത് ടാറിന്റെ വീപ്പ ചൂടാക്കാൻ അടുപ്പുണ്ടാക്കിയതിൽ ഒരു കല്ലാണെന്നു, പിന്നീടുണ്ടായ ടാറിടലിലൊന്നും അത് എടുത്തു മാറ്റാൻ ആരും ശ്രമിച്ചില്ലെന്നുമുള്ള സത്യം ഒരാൾ മാത്രം പറഞ്ഞു. ആ കല്ലിൽ തട്ടി കൃത്യം ഏഴ് അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ആറ് അപകടങ്ങളും വലിയ ഗൗരവമുള്ളതായിരുന്നില്ല. തലയിൽ ഏതാനും സ്റ്റിച്ചുകൾ, കയ്യിലോ കാലിലോ പ്ലാസ്റ്റർ, അത്രമാത്രം. ഏഴാമത്തെ അപകടം മാത്രമേ ഗൗരവമായുള്ളൂ. ആ മനഷ്യൻ ഒരു റിട്ടയർഡ് സ്കൂൾ മാസ്റ്ററായിരുന്നു. ദിവസേന രണ്ടുനേരം ദേവീക്ഷേത്രത്തിലേയ്ക്ക് ആവഴി നടന്നുപോകാറുണ്ട്. കല്ലിനെപ്പറ്റി മാസ്റ്റർ കൊടുത്ത വിവരം സത്യസന്ധമാണെങ്കിലും സ്ലോഭജനകമല്ലാത്തതുകൊണ്ട് മാധ്യമങ്ങൾക്ക് ആവശ്യമില്ലായിരുന്നു. അദ്ദേഹവുമായുള്ള ഇന്റർവ്യൂ അതുകൊണ്ട് വെളിച്ചം കാണുകയുണ്ടായില്ല. അവർക്ക് തങ്ങൾ ജോലിയെടുക്കുന്ന പത്രങ്ങളുടെ സർക്കുലേഷനും നോക്കണമല്ലൊ. രാത്രി. ടിവിയിൽ താനമാമുണ്ടായ ഇന്റർവ്യൂ കാണാൻ പേരക്കുട്ടികളുമായി കാത്തിരുന്ന മാസ്റ്റർക്ക് നിരാശനാകേണ്ടിവന്നു.

ആ കല്ലിന്റെ ചുറ്റുമുള്ള ടാറിടലിലെ ഗുണനിലവാരത്തിനെപ്പറ്റി ഏതെങ്കിലും അംഗീകൃത പരിശോധനാലബോത്തിന്റെ സാക്ഷ്യപത്രം മൂന്നു കോപ്പി താസിൽദാരോ അതിനുമിതിയുള്ള ആപ്പീസറോ ഒപ്പിട്ടതും ടെണ്ടർ സമർപ്പിക്കുമ്പോൾ ഒപ്പം നൽകേണ്ടതാണ്. ടെണ്ടർ കുറഞ്ഞതാണെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാവാൻ വയ്യ.

ആസ്പത്രിയിലെ കനത്ത അന്തരീക്ഷത്തിൽനിന്ന് രക്ഷപ്പെടാൻ അച്ഛൻ അഗ്രഹിച്ചു. ജനലിലൂടെ അദ്ദേഹം പുറത്തേയ്ക്കു നോക്കി. താഴെ, വളരെ താഴെ തെരുവുവിളക്കുകളുടെ പ്രകാശത്തിൽ നഗരം ചലിക്കുകയാണ്. എട്ടുമണിയായിട്ടും വാഹനങ്ങളുടെ തിരക്ക് കുറഞ്ഞിട്ടില്ല. സിഗ്നലിന പിന്നിൽ അവ അടിഞ്ഞുകൂടുന്നു. നിരത്ത് നിവർന്നു കിടക്കുകയാണ്. അവിടെയെവിടേയോ ഒരു ശപിക്കപ്പെട്ട കല്ല് വിധിയുടെ ക്രൂരമായ ദൗത്യവും പേറിക്കൊണ്ട് തലപൊക്കിക്കിടക്കുന്നുണ്ട്. അതിലൂടെ പോയാൽ അഞ്ചു സ്റ്റോപ്പുകൾക്കപ്പുറമുള്ള വീടെത്താം. അവിടെ ബോധമില്ലാതെ കിടക്കുന്ന അമ്മമയെ ശ്രദ്ധിച്ചുകൊണ്ട് തന്റെ മൃത്ത മകൾ ഇരിക്കുന്നുണ്ടാവും. മത്തമകൻ ഇപ്പോൾ തിരിച്ച് വീട്ടിലെത്തിയിട്ടുണ്ടാവില്ല. അയാൾ ഈ തിരക്കിൽ എവിടെയെങ്കിലും, ഏതെങ്കിലും ബസ്സിനുള്ളിൽ, അല്ലെങ്കിൽ ഒരു ഓട്ടോവിൽ ഉണ്ടാവും. അയാൾ കൊണ്ടുവന്നുവച്ച സഞ്ചിക്കുള്ളിൽ രാത്രിഭക്ഷണമുണ്ടാവും. അച്ഛൻ ഒന്നും കഴിക്കാൻ പോകുന്നില്ലെന്നറിഞ്ഞുകൊണ്ടുതന്നെ മകൾ ഭക്ഷണം കൊടുത്തയക്കുന്നു.

അയാളുടെ പിന്നിൽ കട്ടിലിൽ മകൻ തലച്ചോറിൽ രക്തം കട്ടപിടിച്ച് ബോധമില്ലാതെ കിടക്കുന്നു. അയാൾ തിരിഞ്ഞുനോക്കാതിരുന്നു. അങ്ങിനെ നിന്നാൽ മകൻ എഴുന്നേറ്റ് തന്റെ അടുത്തു വരുമെന്നും അച്ഛാ എന്നു വിളിക്കുമെന്നും വിശ്വസിക്കാൻ, സ്വയം മബദ്ധിപ്പിക്കപ്പെടാൻ, അയാൾ ശ്രമിച്ചു. ഉള്ളിന്റെ ഉള്ളിൽ മകൻ നഷ്ടപ്പെട്ടുവന്ന കാര്യം അയാൾക്കറിയാമായിരുന്നു. 'നാൽപ്പത്തെട്ടു മണിക്കൂറിൽ എന്തെങ്കിലും ഇംപ്രൂവ്മെന്റ് ഉണ്ടെങ്കിൽ നമുക്ക് ശ്രമിച്ചുനോക്കാം.' ഡോക്ടർ പറഞ്ഞിരുന്നു. 'അതില്ലെങ്കിൽ പിന്നെ ശ്രമിച്ചിട്ടു കാര്യമില്ല.' ഇപ്പോൾ നാലു ദിവസം കഴിഞ്ഞു. പോരാത്തതിന് സ്ഥാൻ റിപ്പോർട്ടും വളരെ മോശമായിരുന്നു. ആശയ്ക്ക് ഒരു വകയുമില്ല.

നഗരസഭയുടെ മീറ്റിങ് പതിവുപോലെ ശബ്ദമയമായിരുന്നു. ടെണ്ടർ ഇറന്നിട്ട് ഒരാഴ്ചയായി. ഇരുപത്തെട്ട് രജിസ്റ്റേർഡ് കോൺട്രാക്ടർമാരും ഒരു രജിസ്റ്റർ ചെയ്യാത്ത കോൺട്രാക്ടറും പങ്കെടുത്തിരുന്നു. രജിസ്റ്റർ ചെയ്യാത്ത കോൺട്രാക്ടറുടെ ടെണ്ടർ ആദ്യമേ തള്ളിക്കളഞ്ഞു. നഗരസഭയുടെ ചിട്ടവട്ടങ്ങൾക്കനുസരിച്ച് രജിസ്റ്റർ ചെയ്യിട്ടില്ല എന്ന മാത്രമല്ല അതു തള്ളിക്കളയാൻ കാരണം. അയാളുടെ ക്വൊട്ടേഷൻ ഏറ്റവും താഴ്ന്നതും ഉപകരണങ്ങൾ ഉദ്ദേശിച്ച ജോലി ചെയ്യാൻ അപര്യാപ്തവുമാണെന്ന് കമ്മിറ്റി വിലയിരുത്തി. 500 രൂപയാണ് അയാൾ ക്വോട്ട് ചെയ്തിരിക്കുന്നത്. ആയുധങ്ങളും ഉപകരണങ്ങളും എന്ന കോളത്തിൽ അയാൾ ഇത്രമാത്രം എഴുതി. 'പിക്കാസ്, ചുറ്റിക'. ഈ ക്വൊട്ടേഷൻ ഗൗരവമായെടുക്കേണ്ടതില്ലെന്ന നിഗമനത്തിലെത്തി കമ്മിറ്റി.

മറ്റുള്ള ക്വൊട്ടേഷനുകൾ വളരെ മതിപ്പുണ്ടാക്കുന്നതായിരുന്നു. സൃമാറ്റിക് ഹാമർ തൊട്ട് പൊക്ലാൻ എർത്മൂവേഴ്സ് വരെ ഉപയോഗിച്ചുകൊണ്ടുള്ള പണി. ഇകയാകട്ടെ 25,000/- തൊട്ട് ഒന്നേകാൽ ലക്ഷംവരെ. രണ്ടുമണിക്ക് തുടങ്ങിയ മീറ്റിങ് രാത്രി പത്തുമണിയായിട്ടും അവസാനിച്ചിരുന്നില്ല. വൈകന്നേരത്തെയും രാത്രിയിലെയും ഭക്ഷണം, മിനറൽവാട്ടർ എന്നിവ ഒരു ഗ്രേഡ് വൺ റെസ്റ്റോറണ്ടിൽ ഏല്പിച്ചിരുന്നതുകാരണം മീറ്റിങ് അവിരാമം തുടർന്നു. അവസാനം പന്ത്രണ്ടു മണിയോടെ ഏതാണ്ടൊക്കെ ഒരു തീരുമാനത്തിലെത്തി. രണ്ടുപേരുകൾ തെരഞ്ഞെടുക്കപ്പെട്ടു. ഒരാൾ 75,000 രൂപയും മറ്റേയാൾ 78,000 രൂപയുമാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. അവസാന തീരുമാനം മേയർ എടുക്കണമെന്നും തീരുമാനമായി. ഈ രണ്ടു പേരും ഭരണകക്ഷിയിലെ കൗൺസിലർമാരുടെ ബന്ധുക്കളാണെന്നത് തികച്ചും യാദൃശ്ചികമായിരുന്നു. ക്വോട്ടേഷന്റെ സാങ്കേതികവും സാമ്പദികവുമായ മേന്മകൾ മാത്രമേ പരിഗണിച്ചിട്ടുള്ളൂ എന്ന് പ്രത്യേകം പറയേണ്ടിയിരിക്കുന്നു.

മീറ്റിങ് പിരിയുന്നതിനുമുമ്പ് റെസ്റ്റോറണ്ടിന്റെ ബിൽ ഇകയായ 728 രൂപ 50 പൈസ കൊടുത്തു. നഗരസഭയ്ക്കുണ്ടല്ല തിരുത്തപ്പോൾ വലതുപക്ഷം കൂട്ടഓട്ടം നടത്തി. അതോടെ സ്ഥിതിഗതികൾ ഒരുവിധം ശാന്തമായി.

ആ കല്ല് നാലു വർഷം മുമ്പ് നിരത്ത് ടാറിടുന്ന സമയത്ത് ടാറിന്റെ വീപ്പ ചൂടാക്കാൻ അടുപ്പുണ്ടാക്കിയതിൽ ഒരു കല്ലാണെന്നു, പിന്നീടുണ്ടായ ടാറിടലിലൊന്നും അത് എടുത്തു മാറ്റാൻ ആരും ശ്രമിച്ചില്ലെന്നുമുള്ള സത്യം ഒരാൾ മാത്രം പറഞ്ഞു. ആ കല്ലിൽ തട്ടി കൃത്യം ഏഴ് അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ആറ് അപകടങ്ങളും വലിയ ഗൗരവമുള്ളതായിരുന്നില്ല. തലയിൽ ഏതാനും സ്റ്റിച്ചുകൾ, കയ്യിലോ കാലിലോ പ്ലാസ്റ്റർ, അത്രമാത്രം. ഏഴാമത്തെ അപകടം മാത്രമേ ഗൗരവമായുള്ളൂ. ആ മനഷ്യൻ ഒരു റിട്ടയർഡ് സ്കൂൾ മാസ്റ്ററായിരുന്നു. ദിവസേന രണ്ടുനേരം ദേവീക്ഷേത്രത്തിലേയ്ക്ക് ആവഴി നടന്നുപോകാറുണ്ട്. കല്ലിനെപ്പറ്റി മാസ്റ്റർ കൊടുത്ത വിവരം സത്യസന്ധമാണെങ്കിലും സ്ലോഭജനകമല്ലാത്തതുകൊണ്ട് മാധ്യമങ്ങൾക്ക് ആവശ്യമില്ലായിരുന്നു. അദ്ദേഹവുമായുള്ള ഇന്റർവ്യൂ അതുകൊണ്ട് വെളിച്ചം കാണുകയുണ്ടായില്ല. അവർക്ക് തങ്ങൾ ജോലിയെടുക്കുന്ന പത്രങ്ങളുടെ സർക്കുലേഷനും നോക്കണമല്ലൊ. രാത്രി. ടിവിയിൽ താനമാമുണ്ടായ ഇന്റർവ്യൂ കാണാൻ പേരക്കുട്ടികളുമായി കാത്തിരുന്ന മാസ്റ്റർക്ക് നിരാശനാകേണ്ടിവന്നു.

അയാളുടെ പിന്നിൽ കട്ടിലിൽ മകൻ തലച്ചോറിൽ രക്തം കട്ടപിടിച്ച് ബോധമില്ലാതെ കിടക്കുന്നു. അയാൾ തിരിഞ്ഞുനോക്കാതിരുന്നു. അങ്ങിനെ നിന്നാൽ മകൻ എഴുന്നേറ്റ് തന്റെ അടുത്തു വരുമെന്നും അച്ഛാ എന്നു വിളിക്കുമെന്നും വിശ്വസിക്കാൻ, സ്വയം മബദ്ധിപ്പിക്കപ്പെടാൻ, അയാൾ ശ്രമിച്ചു. ഉള്ളിന്റെ ഉള്ളിൽ മകൻ നഷ്ടപ്പെട്ടുവന്ന കാര്യം അയാൾക്കറിയാമായിരുന്നു. 'നാൽപ്പത്തെട്ടു മണിക്കൂറിൽ എന്തെങ്കിലും ഇംപ്രൂവ്മെന്റ് ഉണ്ടെങ്കിൽ നമുക്ക് ശ്രമിച്ചുനോക്കാം.' ഡോക്ടർ പറഞ്ഞിരുന്നു. 'അതില്ലെങ്കിൽ പിന്നെ ശ്രമിച്ചിട്ടു കാര്യമില്ല.' ഇപ്പോൾ നാലു ദിവസം കഴിഞ്ഞു. പോരാത്തതിന് സ്ഥാൻ റിപ്പോർട്ടും വളരെ മോശമായിരുന്നു. ആശയ്ക്ക് ഒരു വകയുമില്ല.

നഗരസഭയുടെ മീറ്റിങ് പതിവുപോലെ ശബ്ദമയമായിരുന്നു. ടെണ്ടർ ഇറന്നിട്ട് ഒരാഴ്ചയായി. ഇരുപത്തെട്ട് രജിസ്റ്റേർഡ് കോൺട്രാക്ടർമാരും ഒരു രജിസ്റ്റർ ചെയ്യാത്ത കോൺട്രാക്ടറും പങ്കെടുത്തിരുന്നു. രജിസ്റ്റർ ചെയ്യാത്ത കോൺട്രാക്ടറുടെ ടെണ്ടർ ആദ്യമേ തള്ളിക്കളഞ്ഞു. നഗരസഭയുടെ ചിട്ടവട്ടങ്ങൾക്കനുസരിച്ച് രജിസ്റ്റർ ചെയ്യിട്ടില്ല എന്ന മാത്രമല്ല അതു തള്ളിക്കളയാൻ കാരണം. അയാളുടെ ക്വൊട്ടേഷൻ ഏറ്റവും താഴ്ന്നതും ഉപകരണങ്ങൾ ഉദ്ദേശിച്ച ജോലി ചെയ്യാൻ അപര്യാപ്തവുമാണെന്ന് കമ്മിറ്റി വിലയിരുത്തി. 500 രൂപയാണ് അയാൾ ക്വോട്ട് ചെയ്തിരിക്കുന്നത്. ആയുധങ്ങളും ഉപകരണങ്ങളും എന്ന കോളത്തിൽ അയാൾ ഇത്രമാത്രം എഴുതി. 'പിക്കാസ്, ചുറ്റിക'. ഈ ക്വൊട്ടേഷൻ ഗൗരവമായെടുക്കേണ്ടതില്ലെന്ന നിഗമനത്തിലെത്തി കമ്മിറ്റി.

മറ്റുള്ള ക്വൊട്ടേഷനുകൾ വളരെ മതിപ്പുണ്ടാക്കുന്നതായിരുന്നു. സൃമാറ്റിക് ഹാമർ തൊട്ട് പൊക്ലാൻ എർത്മൂവേഴ്സ് വരെ ഉപയോഗിച്ചുകൊണ്ടുള്ള പണി. ഇകയാകട്ടെ 25,000/- തൊട്ട് ഒന്നേകാൽ ലക്ഷംവരെ. രണ്ടുമണിക്ക് തുടങ്ങിയ മീറ്റിങ് അട്ടത്തേയ്ക്കു നടന്നു. അവൻ കണ്ണടച്ചുകിടക്കുകയാണ്. ഉറങ്ങുകയെന്നേ തോന്നൂ. അയാൾ കനിഞ്ഞ് അവന്റെ കവിളിൽ ഒരുമ്മ കൊടുത്തു, നെറ്റിമേൽ തലോടി. പിന്നെ സാവധാനത്തിൽ അയാൾ കട്ടിലിന്റെ അടുത്തേയ്ക്കു നടന്നു. അവൻ കണ്ണടച്ചുകിടക്കുകയാണ്. ഉറങ്ങുകയെന്നേ തോന്നൂ. അയാൾ കനിഞ്ഞ് അവന്റെ കവിളിൽ ഒരുമ്മ കൊടുത്തു, നെറ്റിമേൽ തലോടി. പിന്നെ സാവധാനത്തിൽ അയാൾ കട്ടിലിന്റെ അടുത്തേയ്ക്കു നടന്നു. അവൻ കണ്ണടച്ചുകിടക്കുകയാണ്. ഉറങ്ങുകയെന്നേ തോന്നൂ. അയാൾ മകന്റെ കട്ടിലിന്റെ അടുത്തേയ്ക്കു നടന്നു. അവൻ കണ്ണടച്ചുകിടക്കുകയാണ്. ഉറങ്ങുകയെന്നേ തോന്നൂ. അയാൾ കനിഞ്ഞ് അവന്റെ കവിളിൽ ഒരുമ്മ കൊടുത്തു, നെറ്റിമേൽ തലോടി. പിന്നെ സാവധാനത്തിൽ അയാൾ

ഇ. ഹരികുമാർ



1943 ജൂലൈ 13-ന് പൊന്നാനിയിൽ ജനനം. അച്ഛൻ മഹാകവി ഇടശ്ശേരി ഗോവിന്ദൻ നായർ. അമ്മ ഇടക്കണ്ടി ജാനകി അമ്മ. കൽക്കത്തയിൽ വച്ച് ബി. എ. പാസ്സായി. 1972-ൽ ലളിതയെ വിവാഹം ചെയ്തു. മകൻ അജയ് വിവാഹിതനാണ് (ഭാര്യ: ശുഭ). കൽക്കത്ത, ദില്ലി, ബോംബെ എന്നീ നഗരങ്ങളിൽ ജോലിയെടുത്തു. 1983-ൽ കേരളത്തിലേയ്ക്ക് തിരിച്ചു വന്നു. 1962 തൊട്ട് ചെറുകഥകളെഴുതി തുടങ്ങി. ആദ്യത്തെ കഥാസമാഹാരം 'കൂറകൾ' 72-ൽ പ്രസിദ്ധപ്പെടുത്തി. പതിനഞ്ചു കഥാസമാഹാരങ്ങളും ഒമ്പത് നോവലുകളും ഒരു അനുഭവക്കുറിപ്പും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

പുരസ്കാരങ്ങൾ

- 1988-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം 'ദി നോസറിന്റെ കുട്ടി' എന്ന കഥാസമാഹാരത്തിന്.
- 1997-ലെ പത്മരാജൻ പുരസ്കാരം 'പച്ചപ്പയ്യിനെ പിടിക്കാൻ' എന്ന കഥയ്ക്ക്.
- 1998-ലെ നാലപ്പാടൻ പുരസ്കാരം 'സൂക്ഷിച്ചുവച്ച മയിൽപ്പീലി' എന്ന കഥാസമാഹാരത്തിന്.
- 2006-ലെ കഥാപീഠം പുരസ്കാരം 'അനിതയുടെ വീട്' എന്ന കഥാസമാഹാരത്തിന്.
- 2012-ലെ ഏറ്റവും മികച്ച കഥയ്ക്കുള്ള കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി അവാർഡ് 'ശ്രീപാർവ്വതിയുടെ പാദം' എന്ന കഥയ്ക്ക്.

ആഡിയോ റിക്കാർഡിങ്, വെബ് ഡിസൈനിങ്, മൾട്ടിമീഡിയ പ്രൊഡക്ഷൻ, പുസ്തകപ്രസിദ്ധീകരണം എന്നിവയിൽ ഏർപ്പെട്ടിട്ടുണ്ട്. 1998 മുതൽ 2004 വരെ കേരള സാഹിത്യ അക്കാദമി അംഗമായിരുന്നു.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, റിവർ വാലി ക്യാംപസ്, മലയിൻകീഴ്, തിരുവനന്തപുരം, ഇന്ത്യ 695571
URL: <books.sayahna.org>